<u>**15 -ാം കേരള നിയമസഭ**</u>

<u>**11 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3863**</u> <u>**27-06-2024 - ൽ മറുപടിയ്ക്ക്**</u>

<u>**പുതു തലമുറ ഉരുക്കളെ വളർത്തിയെടുക്കുന്നതിന് പ്രത്യേക പദ്ധതി**</u>

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ എം രാജഗോപാലൻ,<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. കെ. ആൻസലൻ** | | **ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | പുതു തലമുറ ഉരുക്കളെ സംസ്ഥാനത്ത് തന്നെ വളർത്തിയെടുക്കുകയെന്ന ലക്ഷ്യത്തോടെ പ്രത്യേക പദ്ധതിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണെന്നറിയിക്കുമോ; വിശദമാക്കുമോ; | (എ) | പുതു തലമുറ ഉരുക്കളെ സംസ്ഥാനത്ത് തന്നെ വളർത്തിയെടുക്കുകയെന്ന ലക്ഷ്യത്തോടെ കിടാരി പാർക്ക് പദ്ധതി 2018-19 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കി വരുന്നു.<br><br>ക്ഷീരവികസന വകുപ്പിന്റെ ഭാഗമായി മറ്റു സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടു വരുന്ന ഉരുക്കൾക്ക് ഉല്പാദനക്ഷമത കുറവ്, സാംക്രമിക രോഗങ്ങൾ, ആരോഗ്യപരമായ പ്രശ്നങ്ങൾ എന്നിവ ഉള്ളതായി കണ്ടെത്തിയതിന്റെ ഭാഗമായി പുതിയ തലമുറ ഉരുക്കളെ സംസ്ഥാനത്ത് തന്നെ വളർത്തിയെടുക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ശാസ്ത്രീയമായ പരിചരണത്തിലൂടെയും ചിട്ടയായ തീറ്റക്രമത്തിലൂടെയും ആരോഗ്യകരവും അത്യുല്പാദനശേഷിയുമുള്ള കന്നുകാലി സ്റ്റോക്കിനെ സംസ്ഥാനത്തിനുള്ളിൽ തന്നെ വാർത്തെടുക്കുക എന്നതാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. പ്രസ്തുത പദ്ധതി പൂർണ്ണമായും വിജയിക്കുന്നതോടുകൂടി മറ്റ് സംസ്ഥാനങ്ങളിൽ നിന്നും പദ്ധതികൾക്കു വേണ്ടി പശുവിനെ വാങ്ങുക എന്ന പ്രവർത്തനത്തിന് വിരാമം ഇടാൻ വകുപ്പ് ലക്ഷ്യമിടുന്നു.<br><br>മൃഗസംരക്ഷണ വകുപ്പിന്റെ **ഗോവർദ്ധിനി പദ്ധതി നടപ്പിലാക്കുക വഴി** പശുക്കുട്ടികളുടെ ശാസ്ത്രീയ പരിരക്ഷ ഉറപ്പാക്കുന്നതിനും അതുവഴി അവയുടെ വളർച്ചാ ഘട്ടങ്ങളിൽ മതിയായ പോഷണം ലഭ്യമാക്കുന്നതിനും അത്തരം പശുക്കുട്ടികളെ ഭാവിയിലെ മികച്ച ഉല്പാദന ക്ഷമതയുള്ള പശുക്കളാക്കി മാറ്റുന്നതിനും |

സഹായിക്കുന്നു. ഈ പദ്ധതിയിൽ എൻറോൾ ചെയ്യുന്ന പശുക്കുട്ടികൾക്ക് സബ്സിഡി നിരക്കിൽ തീറ്റ, ഇൻഷുറൻസ് പരിരക്ഷ എന്നിവ ഉൾപ്പെടെ നൽകി വരുന്നു.

കെ.എൽ.ഡി.ബോർഡ് രാഷ്ട്രീയ ഗോകുൽ മിഷൻ പദ്ധതിയുടെ കീഴിൽ ABIP-SS സ്കീം 2023 ആഗസ്റ്റ് മാസം മുതൽ നടപ്പിലാക്കി വരുന്നു. മികച്ച പ്രത്യുൽപ്പാദന ക്ഷമതയുള്ള കിടാരികളുടേയും പശുക്കളുടേയും കൃത്രിമ ബീജാധാനത്തിനായി ലിംഗ നിർണ്ണയം നടത്തിയ ബീജമാത്രകൾ വലിയ തോതിൽ സ്കീമിനു കീഴിൽ ലഭ്യമാക്കിയിട്ടുണ്ട്. ലിംഗനിർണ്ണയം നടത്തിയ ബീജമാത്രകൾ കൃത്രിമ ബീജാധാനത്തിന് ഉപയോഗിക്കുമ്പോൾ 90 ശതമാനവും പശുക്കുട്ടികളെ ഉൽപ്പാദിപ്പിക്കുവാൻ സാധിക്കുന്നു. ഇപ്രകാരം ഉയർന്ന ഉത്പാദനക്ഷമതയുള്ള പുതുതലമുറ പശുക്കുട്ടികളെ ഉത്പാദിപ്പിക്കുന്നുണ്ട്.

കൂടാതെ ക്ഷീരകർഷകരിലേയ്ക്ക് ഇൻവിട്രോ ഫെർട്ടിലൈസേഷൻ സാങ്കേതികവിദ്യ മൊബൈൽ ഐ.വി.എഫ് ലബോറട്ടറി മുഖേ എത്തിക്കുന്നതായിരിക്കും. ഐ.വി.എഫ് ന് ഉന്നത ജനിതകമേന്മയുള്ള ലിംഗ നിർണ്ണയം നടത്തിയ ബീജമാത്രകൾ ഉപയോഗിക്കുന്നതിനാൽ ഭ്രൂണമാറ്റത്തിലൂടെ ഉയർന്ന ഉത്പാദനക്ഷമതയുള്ള പശുക്കിടാങ്ങളെ ഉത്പാദിപ്പിച്ച് സാധാരണ കർഷകരിലേയ്ക്ക് എത്തിക്കുവാൻ സാധിക്കുന്നതാണ്.

നമ്മുടെ സംസ്ഥാനത്ത് 40 ശതമാനത്തോളം പശുക്കളിൽ വന്ധ്യത ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിലാണ് സംസ്ഥാന സർക്കാർ, കേന്ദ്ര സർക്കാരുമായി സംയുക്തമായി രാഷ്ട്രീയ ഗോകുൽ മിഷനു കീഴിൽ തെക്കൻ കേരളത്തിലെ ചിതറയിലും മധ്യ കേരളത്തിലെ തലയോലപ്പറമ്പിലും വടക്കൻ കേരളത്തിലെ നാദാപുരത്തും റീജിയണൽ ലൈവ്സ്റ്റോക്ക് ഫെർട്ടിലിറ്റി മാനേജ്മെന്റ് സെന്ററുകൾ ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കന്നുകാലികളിലെ വന്ധ്യതാ പ്രശ്നങ്ങൾക്ക് പ്രസ്തുത സെന്ററുകൾ ഒരു റഫറൽ കേന്ദ്രമായി പ്രവർത്തിക്കുന്നതാണ്. റഫർ ചെയ്യപ്പെടുന്ന വന്ധ്യത കേസുകൾ, കർഷകന്റെ വീട്ടുപടിക്കൽ വിദഗ്ധർ എത്തിച്ചേർന്ന്

| | | | |
|---|---|---|---|
| | | | പരിശോധിക്കുന്നതാണ്. ഇത്തരത്തിൽ കന്നുകാലികളിലെ വന്ധ്യതയ്ക്ക് വലിയ ഒരു അളവ് വരെ പരിഹാരം ഉണ്ടാക്കുവാൻ സാധിക്കുന്നതാണ്. ഇതിലൂടെ കൂടുതൽ പുതുതലമുറ ഉരുക്കളെ സംസ്ഥാനത്ത് തന്നെ ഉത്പാദിപ്പിക്കുവാൻ സാധിക്കും. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി എന്തൊക്കെ പ്രവർത്തനങ്ങളാണ് നടന്നുവരുന്നതെന്ന് അറിയിക്കാമോ; | (ബി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി കിടാരികളെ വാങ്ങുക, കിടാരികളുടെ കടത്ത് കൂലി, കാലിത്തൊഴുത്ത് നിർമ്മാണം, കാലിത്തീറ്റ സംഭരണത്തിനായുള്ള ഗോഡൗൺ നിർമ്മാണം, കാലിത്തീറ്റയുടെ വില, കിടാരികളുടെ ഇൻഷ്വറൻസ്, തീറ്റപ്പുൽകൃഷി നടപ്പിലാക്കൽ എന്നീ പ്രവർത്തനങ്ങൾ നടന്നു വരുന്നു.<br><br>ഗോവർദ്ധിനി പദ്ധതിയിൽ എൻറോൾ ചെയ്യുന്ന പശുക്കുട്ടികൾക്ക് സബ്സിഡി നിരക്കിൽ തീറ്റ, ഇൻഷുറൻസ് പരിരക്ഷ എന്നിവ ഉൾപ്പെടെ നൽകി വരുന്നു. ഈ പദ്ധതി നടപ്പിലാക്കുക വഴി പശുക്കുട്ടികളുടെ ശാസ്ത്രീയ പരിരക്ഷ ഉറപ്പാക്കുന്നതിനും അതുവഴി അവയുടെ വളർച്ചാ ഘട്ടങ്ങളിൽ മതിയായ പോഷണം ലഭ്യമാക്കുന്നതിനും അത്തരം പശുക്കുട്ടികളെ ഭാവിയിലെ മികച്ച ഉല്പാദന ക്ഷമതയുള്ള പശുക്കളാക്കി മാറ്റുന്നതിനും സഹായിക്കുന്നു. കന്നുകുട്ടികൾക്ക് പദ്ധതി കാലയളവിൽ ആവശ്യാനുസരണം വിരമരുന്ന്, പ്രതിരോധ കുത്തിവെപ്പുകൾ, ആരോഗ്യ പരിരക്ഷ മുതലായവയും നൽകുന്നു. 2024-25 സാമ്പത്തിക വർഷം പദ്ധതിയ്ക്കായി 4200 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഒരു പശുക്കുട്ടിയ്ക്ക് 12,500 രൂപ വരെ ലഭിക്കും. നടപ്പ് സാമ്പത്തിക വർഷം 37,589 പശുക്കുട്ടികളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്താൻ ലക്ഷ്യമിടുന്നത്.<br><br>കൊല്ലം ജില്ലയിലെ ചിതറയിലും, കോട്ടയം ജില്ലയിലെ തലയോലപ്പറമ്പും റീജിയണൽ ലൈവ്സ്റ്റോക്ക് ഫെർട്ടിലിറ്റി മാനേജ്മെന്റ് സെന്ററുകൾ സ്ഥാപിക്കുന്ന നടപടികൾ അന്തിമഘട്ടത്തിലാണ്. |
| (സി) | കിടാരികളെ വാങ്ങുന്നതിന് കർഷകർക്ക് ധനസഹായം നൽകുന്ന പദ്ധതി നിലവിലുണ്ടോ; വ്യക്തമാക്കാമോ? | (സി) | കിടാരി പാർക്കിലേക്ക് കിടാരികളെ വാങ്ങുന്നതിന് ധനസഹായം നൽകുന്നു. കൂടാതെ കിടാരികളുടെ കടത്ത് കൂലി, കാലിത്തൊഴുത്ത് നിർമ്മാണം, കാലിത്തീറ്റ സംഭരണത്തിനായുള്ള ഗോഡൗൺ നിർമ്മാണം, കാലിത്തീറ്റയുടെ വില, കിടാരികളുടെ ഇൻഷ്വറൻസ്, തീറ്റപ്പുൽകൃഷി നടപ്പിലാക്കൽ, വെറ്ററിനറി മരുന്നുകൾക്ക് ധനസഹായം മറ്റ് ഇതര ചെലവുകൾ എന്നിവ കിടാരി പാർക്ക് പദ്ധതിയിൽ ഉൾപ്പെടുന്നു. |

സെക്ഷൻ ഓഫീസർ